# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാചോദ്യം നം.16 28.06.2016 ലെ മറുപടിയ്ക്ക്**

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എം.എം. മണി<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.കെ.ദാസൻ | ശ്രീ.പിണറായി വിജയൻ<br>ബഹു.മുഖ്യമന്ത്രി |
| എ) പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകളിൽ നിന്നും മാന്യമായ പെരുമാറ്റവും കാര്യക്ഷമവും സത്യസന്ധവുമായ സേവനവും ലഭിക്കുന്നുണ്ടെന്നുറപ്പുവരുത്തുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) ഭരണത്തിൽ കൂടുതൽ വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി സർക്കാർ നടപടിക്രമങ്ങൾ ആധുനികവൽക്കരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.<br>1) ജനങ്ങളുടെ പരാതികൾക്ക് വളരെ പെട്ടെന്ന് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങേയറ്റം ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടരുമായ പൗരന്റെ പരാതി പരിഹാരത്തിനായിരിക്കും മുന്തിയ പരിഗണന നൽകുന്നത്.<br>2) അഴിമതിയ്ക്ക് എതിരെ ശക്തമായ നടപടികൾ സ്വീകരിക്കും.<br>3) സർക്കാർ കേസുകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വകുപ്പുതലവൻമാരും സെക്രട്ടേറിയറ്റും തമ്മിലുള്ള നടപടിക്രമങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>4) ഇ-ഗവേണൻസ് സംവിധാനം, ഇ-ടെന്റർ സംവിധാനം, പൗരാവകാശരേഖ, വിവരാവകാശ നിയമം, ഇ-ഓഫീസ്, ബയോമെട്രിക് -പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കുവാൻ ഉപയുക്തമാക്കും.<br>5) എല്ലാ വകുപ്പുകളും നിർബന്ധിതമായും വിവരങ്ങൾ വെളിപ്പെടുത്തണം എന്ന വ്യവസ്ഥ ഏർപ്പെടുത്തും.<br>6) കൂടുതൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് |

ഇ-ടെന്റർ വ്യാപിപ്പിക്കും. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കും.

**7)** സ്ഥലമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവചിക്കപ്പെട്ടതുമായ മാനദണ്ഡം ഏർപ്പെടുത്തും.

**8)** പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റ് കൊണ്ടുവരും. പൊതുനിരീക്ഷണ സൗകര്യം ഒരുക്കും.

**9)** 2012 ലെ കേരള സംസ്ഥാന സേവന അവകാശ നിയമം, പൗരാവകാശ രേഖ എന്നിവ ശക്തിപ്പെടുത്തും.

**10)** യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുന്നതിനും, കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുന്നതിനും ഉതകുംവിധം സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുന്നതിന് നടപടി ആരംഭിക്കും.

**11)** ജീവനക്കാരുടെ പെരുമാറ്റവും മനോഭാവവും പൊതുജനങ്ങൾക്ക് ഗുണകരമാക്കുന്നതിനും അഴിമതി രഹിതമായ സേവനം നൽകുന്നതിനും പര്യാപ്തമായ പരിശീലനങ്ങൾ ഐ.എം.ജി, കില, മുതലായ സ്ഥാപനങ്ങൾ മുഖേന നൽകുന്നതാണ്.

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാൻ സാധിക്കാത്തതിനാലാണ് മുൻ മുഖ്യമന്ത്രിക്ക് സംസ്ഥാനത്തുടനീളം സഞ്ചരിച്ച് ജനങ്ങളിൽ നിന്നും നേരിട്ട് പരാതി സ്വീകരിച്ച് പരിഹാരം കാണുവാൻ നടപടിയെടുക്കേണ്ടി വന്നതെന്ന കാര്യം പരിശോധിച്ചിരുന്നോ; | ബി) | ഇക്കാര്യം പരിശോധിച്ച് വിലയിരുത്തിയിട്ടില്ല. |
| സി) | ഇത്തരം മേളകൾ സംഘടിപ്പിച്ചത് മൂലം ഉണ്ടായ വൻ പാഴ്ചെലവിനെക്കുറിച്ചും അനർഹർ ആനുകൂല്യങ്ങൾ നേടിയെടുത്തെന്ന ആരോപണത്തെക്കുറിച്ചും അന്വേഷണം നടത്തുമോ? | സി) | മേളകൾ സംഘടിപ്പിച്ചത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. അത് പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ